# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5728 3.11.2016-ൽ മറുപടിയ്ക്ക്
## മുട്ടക്കോഴി വളർത്തുന്നതിന് പ്രോത്സാഹനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ വീടുകളിൽ മുട്ടക്കോഴി വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ വീടുകളിൽ മുട്ടക്കോഴി വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് തലത്തിൽ സ്ട്രാറ്റജിക് റിസർച്ച് ആന്റ് എക്സ്റ്റെൻഷൻ പ്ലാൻ (SREP) എന്ന പദ്ധതിയുടെ കീഴിൽ കൊല്ലം, ആലപ്പുഴ, കോട്ടയം , എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 700 യൂണിറ്റുകൾ തുടങ്ങുന്നു. ഒരു യൂണിറ്റിന് മതിപ്പ് ചെലവ് 10000/- രൂപ. സബ്സിഡി 5000/- രൂപയും നൽകുന്നു. നഗരങ്ങളിലെ വീടുകളിൽ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങളിലൂടെ മുട്ടയുല്പാദനചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കെപ്കോ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് കെപ്കോ നഗരപ്രിയ. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലുമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 5 കോഴികളും, 5 കിലോ തീറ്റയും, മരുന്നും 5 കോഴികളെ വളർത്തുന്നതിന് അനുയോജ്യമായ ഒരു കൂട്ടും നൽകുന്നു. 1650/- രൂപ വിലയുള്ള ഈ കൂടിന് ഗുണഭോക്തൃവിഹിതമായി 850/- രൂപ മാത്രം അടച്ചാൽ മതിയാകും. ബാക്കി തുക സബ്സിഡിയാണ്. |
| ബി) | നഗരങ്ങളിലെ വീടുകളിൽ വളർത്തുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും യഥാസമയം രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്നതിന് മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി)യും സി)യും അസ്കാഡ് പദ്ധതി പ്രകാരം നഗരഗ്രാമ വ്യത്യാസം കൂടാതെ വീടുകളിൽ ചെന്നു കോഴി, താറാവ് എന്നിവയ്ക്ക് പ്രതിരോധ കുത്തിവയ്പ് നടത്തി വരുന്നു. ഗോരക്ഷാപദ്ധതി പ്രകാരം ആറുമാസത്തിലൊരിക്കൽ കുളമ്പുരോഗത്തിനുള്ള പ്രതിരോധകുത്തിവയ്പ് മൃഗസംരക്ഷണ വകുപ്പിന്റെ കുത്തിവയ്പ് സ്ക്വാഡ് ഭവനസന്ദർശനം നടത്തി നൽകി വരുന്നു. റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം വീടുകളിലെത്തിയും ക്യാമ്പുകൾ സംഘടിപ്പിച്ചും പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പുകൾ നൽകി വരുന്നു.<br>കെപ്കോയിൽ നിന്നും വിതരണം ചെയ്യുന്ന കോഴികൾക്കും താറാവുകൾക്കും വിതരണം ചെയ്യുന്ന |
| സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | |

പ്രായം വരെ എല്ലാ വിധത്തിലുമുള്ള പ്രതിരോധ കുത്തിവെയ്പുകളും എടുത്തിട്ടുള്ളതാണ്. അതിനാൽ അവയ്ക്ക് കുത്തിവെയ്പുകൾ നടത്താൻ കെപ്കോയുടെ ആഭിമുഖ്യത്തിൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

വാക്സിനേഷനുവേണ്ടി മൊബൈൽ യൂണിറ്റുകൾ പ്രായോഗികമല്ല.

സെക്ഷൻ ഓഫീസർ